**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3910** **17-03-2025 - ൽ മറുപടിയ്ക്ക്**

**കാസ്പ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. അബ്ദുൽ ഹമീദ്,<br>ശ്രീ. ടി. വി. ഇബ്രാഹിം ,<br>ശ്രീ. നജീബ് കാന്തപുരം,<br>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്കുള്ള സൗജന്യ ചികിത്സാ പദ്ധതിയായ കാസ്പിൽ പുതിയ അംഗങ്ങളെ ചേർക്കുന്നതിനായി കേന്ദ്രസർക്കാരിന്റെ സഹായം തേടിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന BPL വിഭാഗത്തിൽപ്പെട്ട വിവിധ കുടുംബങ്ങൾ പദ്ധതിയിൽ ഉൾപ്പെട്ടിട്ടില്ലെന്നും, SECC അനുസരിച്ചുള്ള ഗുണഭോക്തക്കൾക്കു പകരം NFSA അനുസരിച്ചുള്ള ഗുണഭോക്താക്കളെ ആയുഷ്മാൻ ഭാരത് പ്രധാന മന്ത്രി ജന ആരോഗ്യ യോജന പദ്ധതിയിൽ ഉൾപ്പെടുത്തണമെന്നും നാഷണൽ ഹെൽത്ത് അതോറിറ്റിയോടും കേന്ദ്ര സർക്കാരിനോടും അഭ്യർത്ഥിച്ചിട്ടുണ്ട്.<br><br>നീതി ആയോഗ്, പാർലമെന്റിന്റെ വിവിധ സമ്മേളനങ്ങളുടെ മുന്നോടിയായുള്ള യോഗങ്ങൾ, സതേൺ സോണൽ കൗൺസിൽ മുതലായവയിലും ഈ വിഷയം ഉന്നയിച്ചിട്ടുണ്ട്. എന്നാൽ ഈ വിഷയത്തിൽ അനുകൂലമായ മറുപടി കേന്ദ്ര സർക്കാരിൽ നിന്നും ഇതുവരെ ലഭിച്ചിട്ടില്ല. |
| (ബി) | കാസ്പിൽ എംപാനൽ ചെയ്തിട്ടുള്ള സ്വകാര്യ ആശുപത്രികൾക്ക് നൽകാനുള്ള തുക എന്നത്തേക്ക് നൽകാൻ കഴിയുമെന്ന് വ്യക്തമാക്കാമോ? | (ബി) | കാസ്പിൽ എംപാനൽ ചെയ്തിട്ടുള്ള സ്വകാര്യ ആശുപത്രികൾക്ക് നൽകാനുള്ള കുടിശ്ശിക തുക ഘട്ടം ഘട്ടമായി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ